# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.799** — **03/12/2014-ൽ മറുപടിക്ക്**

## ആശുപത്രികളിലും മാനസികകേന്ദ്രങ്ങളിലുമുള്ള മരുന്നുക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. വി. വിജയദാസ്** | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |

---

| | | | |
|---|---|---|---|
| (എ) | സി.എച്ച്.സി., പി.എച്ച്.സി., ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ രൂക്ഷമായ മരുന്നുക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ മാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം സംഭവിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപ്പു സാമ്പത്തിക വർഷം മരുന്നു സംഭരണത്തിനായി 434.7 കോടി രൂപയുടെ ഇൻഡന്റ് ആരോഗ്യവകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നൽകിയിട്ടുണ്ട് എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 242 കോടി രൂപയാണ്. 2008 മുതൽ 2013 വരെ ഏതാണ്ട് 220 കോടി രൂപ കോർപ്പറേഷന് കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ട്. എന്നിരുന്നാലും ഈ സാമ്പത്തിക വർഷം ഇതുവരെ 212 കോടി രൂപയുടെ മരുന്നുകൾ കോർപ്പറേഷൻ വിതരണം ചെയ്തു കഴിഞ്ഞു.<br>വിതരണക്കാരെ ലഭിക്കാത്ത 105 ഇനം മരുന്നുകൾക്കും, എൻ.പി.പി.എ വിലയെക്കാൾ കൂടിയ തുക ക്വാട്ട് ചെയ്ത 5 ഇനം മരുന്നുകൾക്കും 2014 മാർച്ചിൽ ക്ഷണിച്ച ടെണ്ടറിനെക്കാൾ കൂടുതൽ വില ക്വാട്ട് ചെയ്ത 15 ഇനം മരുന്നുകൾക്കും ഇതുവരെ ഓർഡറുകൾ നൽകുവാൻ സാധിച്ചിട്ടില്ല. |
| (ബി) | മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്പോലും മരുന്നു ലഭിക്കുന്നില്ലെന്നുള്ള മാധ്യമ വാർത്ത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; മാനസികാരോഗ്യ കേന്ദ്രങ്ങളിലുൾപ്പെടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; | | |
| (സി) | ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (സി) | അടുത്ത മൂന്നു മാസക്കാലത്തേയ്ക്കാവശ്യമായ മരുന്നുകൾക്കുള്ള ഓർഡറുകൾ നിലവിലുള്ള സ്റ്റോക്കിന്റെയും ഉപഭോഗത്തിന്റെയും അടിസ്ഥാനത്തിൽ കണക്കാക്കി 2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ നൽകുകയും ചെയ്തു. ഇതിൽ ചില മരുന്നുകൾ പൂർണ്ണമായും വിതരണം നടത്തിക്കഴിഞ്ഞു, മറ്റുള്ളവ കോർപ്പറേഷൻ വെയർഹൗസുകളിൽ എത്തിക്കൊണ്ടിരിക്കുന്നു. മറ്റുള്ള മരുന്നുകൾ യഥാസമയം വിതരണം നടത്തുന്നതിനായി വിതരണക്കാരെ നിരന്തരം ബന്ധപ്പെട്ടുകൊണ്ടും ഇരിക്കുന്നു. കൂടാതെ ഈ കാലയളവിൽ ഏതെങ്കിലും അവശ്യമരുന്നിന് ക്ഷാമം നേരിട്ടാൽ മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷനിൽ ലഭ്യമല്ലാത്തവ ആശുപത്രി തലത്തിൽതന്നെ നേരിട്ട് വാങ്ങി നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ